പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *273** — **20.06.2014 ലെ മറുപടിയ്ക്ക്**

## പ്രധാനവിളകളുടെ ഉല്പാദനത്തിൽ കുറവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.വിജയദാസ്<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് പ്രധാന വിളകളുടെ ഉല്പാദനത്തിൽ കുറവ് സംഭവിച്ചിട്ടുളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ)** 2010-11 വർഷത്തെ അടിസ്ഥാനമാക്കിയാൽ സംസ്ഥാനത്ത് നെല്ല് ഒഴികെ മറ്റ് പ്രധാന വിളകൾക്കൊന്നും തന്നെ ഉൽപാദനം കുറഞ്ഞതായി കാണുന്നില്ല. |
| **(ബി)** ഏതെല്ലാം പ്രധാന വിളകളുടെ ഉല്പാദനത്തിലാണ് ഇടിവ് സംഭവിച്ചിട്ടുളളതെന്നറിയിക്കാമോ; | **(ബി)** ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കുകൾ പ്രകാരം 2010-11 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നെല്ലിന്റെ ഉൽപാദനത്തിൽ കുറവ് വന്നിട്ടുണ്ട്. എന്നാൽ ഉൽപാദനക്ഷമത വർദ്ധിച്ചിട്ടുണ്ട്. മറ്റ് പ്രധാന വിളകൾക്കൊന്നുംതന്നെ ഉൽപ്പാദനം കുറഞ്ഞതായി കാണുന്നില്ല. |
| **(സി)** ഉല്പാദനത്തിൽ ഇടിവ് സംഭവിക്കാനുളള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ? | **(സി)** ഉണ്ട്. കൃഷിയുടെ വിസ്തീർണ്ണത്തിൽ വന്ന കുറവ്, തൊഴിലാളികളുടെ ദൗർലഭ്യം, ഉൽപാദനോപാധികളുടെ വിലയിൽ വന്ന വർദ്ധനവ്, പ്രതികൂല കാലാവസ്ഥ, രോഗകീടബാധ, ഉൽപന്നത്തിന്റെ വിലയിടിവ് എന്നിവയാണ് നെല്ലിന്റെ ഉൽപാദനത്തിൽ വന്ന ഇടിവിനുളള കാരണങ്ങൾ. |

സെക്ഷൻ ഓഫീസർ